# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1797

## 04.05.2017 ലെ മറുപടിക്ക്

# <u>നൂറനാട് മുക്കട് തോട്, പാലം</u>

| | ചോദ്യം<br>ശ്രീ.ആർ. രാജേഷ് | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | മാവേലിക്കര മണ്ഡലത്തിൽ നൂറനാട് മുക്കട് തോട് പാലം നിർമ്മിക്കുന്നതിന് എം.എൽ.എ -എ.ഡി.എസിൽ ഉൾപ്പെടുത്തി 70 ലക്ഷം രൂപയുടെ ഭരണാനുമതി 2014-15 ൽ ലഭ്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 75 ലക്ഷം രൂപ കൂടി 2016-17 ലെ എ.ഡി .എസിൽ അനുവദിക്കുന്നതിന് എം.എൽ.എ നല്കിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | മാവേലിക്കര നൂറനാട് ഗ്രാമപഞ്ചായത്തിലെ മുക്കാട് തോട് പാലം എന്ന പ്രവൃത്തിക്ക് 2016-17-ലെ ആസ്തി വികസന പദ്ധതിയിൻ കീഴിൽ അധിക തുക കൂടി അനുവദിച്ച് പുതുക്കിയ ഭരണാനുമതി നൽകുവാനും പ്രസ്തുത പ്രവൃത്തി എൽ.എസ്.ജി.ഡി. യിൽ നിന്നും മാറ്റി പി.ഡബ്ല്യൂ.ഡി. യ്ക്ക് നൽകുവാനും എം.എൽ.എ. ആവശ്യപ്പെട്ട സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും ആകെ എസ്റ്റിമേറ്റ് തുകയെത്രയാണെന്നും അറിയിക്കുന്നതിനായി 24.03.2017 ലെ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | 2014-15 -ൽ എൽ.എസ്.ജി.ഡി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭിച്ച പ്രസ്തുത പ്രവൃത്തി ,പി.ഡബ്ല്യൂ.ഡി റോഡ്സ്ആൻഡ് ബ്രിഡ്ജസ് വിഭാഗത്തിന് നല്കുന്നതിന് എ.എൽ.എ നല്കിയ കത്ത് അനുസരിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ